(സി) ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്രവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്. യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും (എസ്സി. ജനറൽ) 2.5 ലക്ഷവും (എസ്ടി.) ആക്കി വർദ്ധിപ്പിച്ചത് മൂലമുണ്ടായ അധികബാദ്ധ്യതയിൽ 50,000 രൂപ സംസ്ഥാന സർക്കാരും ബാക്കിത്തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 അനുപാതത്തിൽ കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഉകയിൽ കുറവു വരുത്തിയിട്ടില്ല.

ചെറുപുഴ ഗ്രാമപഞ്ചായത്തിലെ റോഡ് വികസനം

53 (1486) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) HADA പദ്ധതിയിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്താൻ നിർദ്ദേശിച്ച ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ പ്രാപ്പൊയിൽ - ചൂരപ്പടവ്-ചട്ടിവയൽ റോഡിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി ഭരണാനുമതി ലഭ്യമാക്കി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി 2014-15-ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാപ്പൊയിൽ-ചൂരപ്പടവ്-ചട്ടിവയൽ റോഡ് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നബാർഡിലേക്ക് ഭരണാനുമതിക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) നബാർഡിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. എത്രയുംവേഗം പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ ജില്ലയിലെ ഭരണാനുമതി ലഭിക്കാനുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

54 (1487) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ വിവിധ ആർ.ഐ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly